# Malayala Manorama
# 28 August 2018
# Kakkanad, After Flood, Relief Camps

## കൂടുതൽ പേർ വീടുകളിലേക്ക്; ക്യാംപുകളിൽ 27,077 പേർ

- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്നവരെ മറ്റിടങ്ങളിലേക്കു മാറ്റി
- നിലവിൽ 62 ക്യാംപുകൾ

കാക്കനാട് ● ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാംപുകളിൽ നിന്ന് ഇന്നലെ 29,415 പേർ വീടുകളിലേക്കു മടങ്ങിയതോടെ ഇനി അവശേഷിക്കുന്നത് 27,077 പേർ. ക്യാംപുകളുടെ എണ്ണം 62 ആയി കുറഞ്ഞു.

7,529 കുടുംബങ്ങളിലെ അംഗങ്ങളാണ് ഇപ്പോഴും ദുരിതാശ്വാസ ക്യാംപിൽ കഴിയുന്നത്. 11,561 സ്ത്രീകളും 10,789 പുരുഷൻമാരും 4,727 കുട്ടികളുമാണ് ഇക്കൂട്ടത്തിലുള്ളത്. സ്കൂളുകളിലും കോളജുകളിലും പ്രവർത്തിച്ചിരുന്ന ക്യാംപുകളിലെ താമസക്കാരെ മറ്റിടങ്ങളിലേക്കു മാറ്റി. ഓണാവധി കഴിഞ്ഞു നാളെ സ്കൂൾ തുറക്കുന്നതു പരിഗണിച്ചാണു നടപടി. അംഗങ്ങളുടെ എണ്ണം കുറഞ്ഞ ഏതാനും ക്യാംപുകൾ അടച്ചുപൂട്ടി അവരെയും മറ്റു ക്യാംപുകളിലേക്കു മാറ്റി.

**ക്യാംപുകളിൽ ഇനി**

**27,077 പേർ**

- സ്ത്രീകൾ - 11,561
- പുരുഷൻമാർ - 10,789
- കുട്ടികൾ - 4,727

വീട് വൃത്തിയാക്കി താമസിക്കാമെന്ന പ്രതീക്ഷയിൽ ക്യാംപ് വിട്ട ചില കുടുംബങ്ങൾ താമസിക്കാൻ നിർവാഹമില്ലാത്തതിനാൽ വീണ്ടും ക്യാംപുകളിലെത്തുന്നുണ്ട്.

ആരെയും ക്യാംപ് വിടാൻ നിർബന്ധിക്കരുതെന്നാണു സർക്കാർ നിർദേശം. സ്വമേധയാ ക്യാംപ് വിടുന്നവരെ തടയുന്നുമില്ല.

ക്യാംപുകളുടെ എണ്ണം കുറഞ്ഞതോടെ അവശേഷിക്കുന്ന ക്യാംപുകളിൽ പരമാവധി സൗകര്യമൊരുക്കൽ ഉദ്യോഗസ്ഥർക്ക് എളുപ്പമായി.

913 ക്യാംപുകളാണ് ഇന്നലെ വരെ അടച്ചുപൂട്ടിയത്. 93,147 കുടുംബങ്ങളിലെ അംഗങ്ങൾ ഇതിനകം ക്യാംപ് വിട്ടു.